## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6306** **20-03-2023 - ൽ മറുപടിയ്ക്ക്**

## സ്വാശ്രയ ജനറൽ നേഴ്സിംഗ് കോഴ്സ് പഠനത്തിന് സഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്വാശ്രയ ജനറൽ നേഴ്സിംഗ് കോഴ്സ് പഠനത്തിന് സഹായം നല്കുന്ന പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്വാശ്രയ ജനറൽ നേഴ്സിംഗ് കോഴ്സ് പഠനത്തിന് സഹായം നല്കുന്ന പദ്ധതി നിലവിലുണ്ട്. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ, കേന്ദ്ര/സംസ്ഥാന യൂണിവേഴ്സിറ്റികൾ, കേന്ദ്ര/ സംസ്ഥാന സർക്കാർ ഏജൻസികൾ, കേന്ദ്ര/ സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള ബോർഡുകൾ തുടങ്ങിയവ സംസ്ഥാന തലത്തിലോ അഖിലേന്ത്യാ തലത്തിലോ നടത്തുന്ന പ്രവേശന പരീക്ഷകളിലൂടെയോ/യോഗ്യതാ പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ സുതാര്യമായ രീതിയിൽ അപേക്ഷ ക്ഷണിച്ച് തയ്യാറാക്കിയ റാങ്ക് പട്ടിക പ്രകാരമോ/ഏകജാലക സംവിധാനത്തിലൂടെ മെറിറ്റ്-റിസർവേഷൻ വഴിയോ/മെറിറ്റ്-റിസർവേഷൻ എന്നിവ പാലിച്ച് നടത്തുന്ന സ്പോട്ട് അഡ്മിഷൻ വഴിയോ പ്രവേശനം ലഭിക്കുന്ന കേസുകളിൽ സ്കോളർഷിപ്പ് അനുവദിച്ച് വരുന്നു. |
| (ബി) | എങ്കിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് പ്രസ്തുത വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാന സർക്കാർ/യൂണിവേഴ്സിറ്റി/സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ/ഫീ ഫിക്സേഷൻ കമ്മിറ്റി തുടങ്ങിയവ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ഉൾപ്പെടുന്ന Compulsory Non-Refundable fees ഉം, സ്റ്റേറ്റ് അക്കാഡമിക് അലവൻസുകളായ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി, ഹോസ്റ്റൽ ഫീസ് എന്നിവയാണ് സ്കോളർഷിപ്പായി അനുവദിക്കുന്നത്. |
| (സി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ട മറ്റ് സംസ്ഥാനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഫീസ് ആനുകൂല്യം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികൾ നടത്തുന്ന അഖിലേന്ത്യാ തലത്തിലുള്ള പ്രവേശന പരീക്ഷയിലൂടെ മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്കും, സുതാര്യവും, നീതിയുക്തവുമായ രീതിയിൽ മെറിറ്റ്/ റിസർവേഷനിൽ സ്പോട്ട് അഡ്മിഷൻ നേടുന്നവർക്കും |

| | | | |
|---|---|---|---|
| | | | മാത്രമേ സംസ്ഥാനത്തിനു പുറത്തുള്ള പഠനത്തിന് സ്കോളർഷിപ്പിന് അർഹതയുള്ളുവെന്നതിനാൽ മറ്റ് സംസ്ഥാനങ്ങളിൽ സ്വാശ്രയ ജനറൽ നഴ്സിംഗ് കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭ്യമല്ല. |
| (ഡി) | കോഴ്സ് കാലയളവ് നീണ്ടു പോകുന്ന സാഹചര്യങ്ങളിൽ സ്വാശ്രയ കോളേജുകൾ പ്രസ്തുത കാലയളവിലെ ഫീസ് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ